വനിതാ സംരംഭക സംഗമം

148(2349) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത് എന്നറിയിക്കുമോ;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നല്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട വനിതാ സംരംഭകർക്കായി 2015 നവംബർ മാസം 19-ാം തീയതി കൊച്ചിയിലെ ബോൾഗാട്ടി ഇവന്റ് സെന്ററിൽ വച്ച് 'വി സമ്മിറ്റ് 2015' സംഗമം സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 1500-ഓളം വനിതാ സംരംഭകരെ ഇതിൽ പങ്കെടുപ്പിക്കുകയുണ്ടായി.

(ബി) വനിതാ സംരംഭകരുടെ സംഗമത്തിൽ നാല് സെഷനുകൾ സംഘടിപ്പിക്കുകയുണ്ടായി. റീട്ടെയിൽ മേഖലയിൽ എം.എസ്.എം.ഇ.-യ്ക്കുള്ള സാധ്യതകൾ, ധനസമാഹരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ, ഭക്ഷ്യസംസ്കരണത്തിനും അത്യാധുനിക കൃഷി മാർഗ്ഗത്തിനുള്ള വിവിധ സാധ്യതകൾ, വസ്ത്ര നിർമ്മാണത്തിലും ഫാഷൻ മേഖലയിലും കേരളത്തിനുള്ള സാധ്യതകൾ എന്നീ വിഷയങ്ങളിൽ പ്രമുഖ വ്യവസായ സംരംഭകർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ധർ അതത് മേഖലയിൽ കഴിവ് തെളിയിച്ച വനിതാ സംരംഭകർ എന്നിവർ ഉൾപ്പെട്ട നിരവധി പ്രമുഖർ പങ്കെടുക്കുകയും ചർച്ച നടത്തുകയും വനിതാ സംരംഭകർക്ക് തങ്ങളുടെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാനും പങ്കുവയ്ക്കാനുമുള്ള അവസരം ലഭ്യമാകുകയും ചെയ്തു. ഈ സംഗമത്തിനോട് അനുബന്ധിച്ച് വിവിധ വനിതാ സംരംഭകരുടെയും ഇവരെ പ്രോൽസാഹിപ്പിക്കുന്ന വിവിധ ഏജൻസികളുടെയും ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി.

(സി) വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. താഴെപ്പറയുന്ന തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- വിവിധ മേഖലയിലുള്ള വനിതാ സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ്സൈറ്റ് രൂപകൽപ്പന ചെയ്യുക.
- വനിതാ സംരംഭകർക്കായി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
- ഓരോ മേഖലയിലും ഉള്ള വനിതാ സംരംഭകർക്കായി പ്രത്യേക ക്ലാസ്സുകൾ ജില്ലാതലങ്ങളിൽ നടത്തുക.
- വനിതാ സംരംഭകരുടെ വ്യവസായങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള കെ.എസ്.ഐ.ഡി.സി. രൂപീകരിച്ച പ്രത്യേക ധനസഹായ പാക്കേജ് (ലോൺ അസിസ്റ്റൻസ്) നൽകുക.
- കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ മാനേജ്മെന്റ് കോളേജുമായി ചേർന്ന് വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കുടുംബശ്രീ, ഡി.ഐ.സി. ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും നടത്തുക.
- വനിതാ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ആഗോളതലത്തിൽ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

കെൽ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി

149(2350) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെൽ-ന്റെ ഓരോ യൂണിറ്റിലും ഹെഡ് ഓഫീസിലും എത്ര ജീവനക്കാരുണ്ടെന്ന് അവരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഓരോ യൂണിറ്റ്, ഹെഡ് ഓഫീസ് എന്നിവിടങ്ങളിൽനിന്നും എത്ര ജീവനക്കാർ റിട്ടയർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിൽ എത്ര പേർക്ക് ഗ്രാറ്റുവിറ്റി നൽകാനുണ്ടെന്ന് യൂണിറ്റും ഹെഡ് ഓഫീസും തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ഡി) ഗ്രാറ്റുവിറ്റി ലഭിക്കാത്തവർക്ക് ആയത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?